# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4230 20.03.2018-ൽ മറുപടിക്ക്

## കുട്ടിക്കാനത്തെ വേനൽക്കാല കൊട്ടാരം

**ചോദ്യം**
ശ്രീ. രാജു എബ്രഹാം

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു പുരാരേഖയും വകുപ്പ് മന്ത്രി

<table>
<tr><td>(എ)</td><td>തിരുവിതാംകൂർ രാജവംശത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും വേനൽക്കാലങ്ങളിൽ രാജവംശം താമസിച്ചിരുന്നതുമായ കുട്ടിക്കാനത്തെ വേനൽക്കാല കൊട്ടാരം സർക്കാരിന്റെ ഉടമസ്ഥതയിലല്ലെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉടമസ്ഥത ആർക്കാണെന്നറിയിക്കുമോ ;</td><td rowspan="3">(എ), (ബി) & (സി)</td><td rowspan="3">• ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>വില്ലേജ് ബി.റ്റി.ആർ പ്രകാരം സർക്കാർ തരിശ്ശായി 38.6078 ഹെക്ടർ സ്ഥലവും സർക്കാർ പുറമ്പോക്കായി 34.5002 ഹെക്ടർ സ്ഥലവും ചേർത്ത് 73.1080 ഹെക്ടർ സ്ഥലം കൊട്ടാരം വക എന്നു രേഖപ്പെടുത്തി സർക്കാർ ഭൂമിയിനത്തിൽ ചേർത്തിട്ടുള്ളതാണ്. നിലവിൽ വിവിധ തണ്ടപ്പേരുകളിലായി 9.7165 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടെ പേരിൽ വില്ലേജ് റിക്കോർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു.<br><br>2.7327 ഹെക്ടർ സ്ഥലം ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ആതുരാശ്രമത്തിൽ താമസം വിദ്യാധിരാജ ബ്രഹ്മാശ്രമം മാനേജിംഗ് ട്രസ്റ്റിയും മഠാധിപതിയുമായ സ്വാമി ആതുരദാസ്. (പീരുമേട് വില്ലേജ് തണ്ടപ്പേർ 2826)<br><br>6.8825 ഹെക്ടർ സ്ഥലം റീഗൽ റിസോർട്ട് ലിമിറ്റഡ് (പീരുമേട് വില്ലേജ് തണ്ടപ്പേർ നമ്പർ 5054)<br><br>4.05 ആർ - തൊട്ടപ്പുഴ വില്ലേജ് നടയ്ക്കൽ വീട്ടിൽ സക്കീർ മുഹമ്മദ് മകൻ പി.കാസിം (പീരുമേട് വില്ലേജ് തണ്ടപ്പേർ നമ്പർ - 8448)<br><br>3.3 ആർ സ്ഥലം - തൊട്ടപ്പുഴ വില്ലേജ് കുറുന്തോട്ടത്തിൽ പരമേശ്വരൻ മകൻ ബാബു പരമേശ്വരൻ (പീരുമേട് വില്ലേജ് തണ്ടപ്പേർ നമ്പർ - 8449)<br><br>3.3 ആർ സ്ഥലം - തൊട്ടപ്പുഴ വില്ലേജ് പുളിമൂട്ടിൽ ജോസഫ് സ്റ്റീഫൻ മകൻ ലൂക്കാ സ്റ്റീഫൻ (പീരുമേട് വില്ലേജ് തണ്ടപ്പേർ നമ്പർ - 8450)</td></tr>
<tr><td>(ബി)</td><td>രാജഭരണകാലത്തെ കൊട്ടാരങ്ങളും മറ്റ് സ്ഥാപനങ്ങളും വസ്തുവകകളും ജനായത്ത ഭരണത്തിൽ സംസ്ഥാന സർക്കാരിലേക്ക് എത്തിച്ചേർന്നപ്പോൾ എന്തുകൊണ്ടാണ് ഈ കൊട്ടാരത്തിന്റെ മാത്രം ഉടമസ്ഥാവകാശം സർക്കാരിന് ലഭിക്കാതെ പോയതെന്ന് വ്യക്തമാക്കുമോ;</td></tr>
<tr><td>(സി)</td><td>ഇവിടെ കൊട്ടാരം ഉൾപ്പെടെ എത്ര സ്ഥലമായിരുന്നു രാജാവിന് ഉണ്ടായിരുന്നതെന്നും എങ്ങനെയാണ് ഇത് സ്വകാര്യ വ്യക്തിക്ക് ലഭ്യമായതെന്നും വ്യക്തമാക്കുമോ;</td></tr>
</table>

| | | | |
|---|---|---|---|
| | | | ടി സ്ഥലങ്ങൾ സ്വകാര്യ വ്യക്തികളുടെ കൈവശത്തിൽ വന്നു ചേർന്നതിന്റെ ആധികാരിക രേഖ പരിശോധനയിൽ ലഭ്യമായിട്ടില്ലായെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ചരിത്ര പ്രാധാന്യമുള്ള ഒട്ടേറെ രാജകീയ ശാസനങ്ങൾ പുറപ്പെടുവിക്കപ്പെട്ട സ്ഥലം എന്ന നിലയിൽ, ഏറെ ചരിത്ര പ്രാധാന്യമുള്ള പ്രസ്തുത സ്ഥലം പുരാവസ്തുവകുപ്പ് ഏറ്റെടുക്കാനും തകർന്നു വീഴാറായ കൊട്ടാരം അറ്റകുറ്റപ്പണി നടത്തി സംരക്ഷിത സ്മാരകമായി നിലനിർത്താനും നടപടി സ്വീകരിക്കുമോ ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ